വി. ഡി. സതീശൻ
മുഖ്യമന്ത്രി

മൂന്നാം നില, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം - 695 001
ഫോൺ : 0471-2333241, 25122040

17.07.2026

**സന്ദേശം**

ക്രൈസ്തവ പാരമ്പര്യം പേറുന്ന കോക്കാട്ടുവിളയിൽ കുടുംബയോഗത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആരംഭിക്കുന്ന വേളയിൽ എന്റെ ഹൃദയംനിറഞ്ഞ ആശംസകൾ നേരുന്നു.

ഒരു കുടുംബത്തിന്റെ ചരിത്രവും പാരമ്പര്യവും മൂല്യബോധവും തലമുറകളിലേക്ക് കൈമാറുന്നതിന് ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിക്കുന്നത് കാലോചിതമാണ്. കുടുംബചരിത്രം, പൂർവികരുടെ സംഭാവനകൾ, കുടുംബാംഗങ്ങളുടെ നേട്ടങ്ങൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളിച്ച് ലോകമെമ്പാടുമുള്ള കുടുംബാംഗങ്ങളെ ഒരുമിപ്പിക്കുന്ന വേദിയായി ഈ വെബ്സൈറ്റ് മാറുമെന്നത് സന്തോഷകരമാണ്.

സമൂഹത്തിൽ മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും വിദ്യാഭ്യാസം, സേവനം, സഹോദര്യബോധം എന്നിവ പ്രോത്സാഹിപ്പിക്കാനുമുള്ള കുടുംബത്തിന്റെ പാരമ്പര്യം പുതിയ തലമുറയ്ക്ക് പ്രചോദനമാകട്ടെ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയവും ഐക്യവും മെച്ചപ്പെടുത്താൻ ഈ വെബ്സൈറ്റിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

**വി.ഡി. സതീശൻ**